**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4921** **04-07-2024 - ൽ മറുപടിയ്ക്ക്**

**പുറമേരി കുനിങ്ങാട് വേറ്റുമ്മൽ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പുറമേരി-കുനിങ്ങാട്-വേറ്റുമ്മൽ റോഡ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും പ്രവൃത്തിയിൽ എന്തൊക്കെ ഘടകങ്ങളാണ് (എസ്റ്റിമേറ്റിലെ കമ്പോണെന്റ്സ്) ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അറിയിക്കാമോ? | (എ) | നബാർഡ് അംഗീകാരത്തോടെ നടപ്പാക്കുന്ന കുനിങ്ങാട് - പുറമേരി - വേറ്റുമ്മൽ റോഡ് ചെയിനേജ് 0/000 മുതൽ 3/050 പ്രവൃത്തിയിൽ 2 കി.മീ. വരെ ഡ്രെയിനേജ്, ആക്സസ് സ്ലാബ്, 5 കൾവെർട്ട്, 1 ക്രോസ് ഡ്രെയിൻ എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ കോൺക്രീറ്റ് ആന്റ് ഡി.ആർ ഡ്രെയിനേജ്, കോൺക്രീറ്റ് കൾവെർട്ട് 7 എണ്ണം ബി.എം & ബി.സി റോഡ് വർക്ക്, റോഡ് സേഫ്റ്റി വർക്ക് എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പ്രവൃത്തിയുടെ കരാർ കാലാവധി 9 മാസമാണ്. ആയത് പ്രകാരം 25.11.2024 വരെയാണ് പൂർത്തീകരണ തീയതി. പ്രസ്തുത തീയതിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ